# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : **141**

**13-06-2014 ൽ മറുപടിയ്ക്ക്**

## സ്കൂളുകളിലെ ബയോഗ്യാസ് പ്ലാന്റുകൾ

**ചോദ്യം**

ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി
ശ്രീ.വർക്കല കഹാർ
ശ്രീ.ഷാഫി പറമ്പിൽ
ശ്രീ.എ.റ്റി.ജോർജ്

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(എ) ഉണ്ട്. സംസ്ഥാന കൃഷിവകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഒരു നൂതന പദ്ധതിയാണ് " സ്കൂൾ പരിസരത്ത് ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ". കേരളത്തിലെ സ്കൂളുകളിലെ ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ ശേഖരിച്ച് പരിസര മലിനീകരണം കൂടാതെ സംസ്കരിക്കുക, സ്കൂളുകളിലെ ഉച്ചഭക്ഷണം ഉണ്ടാക്കുന്നതിനാവശ്യമായ ഇന്ധനം ഏറ്റവും സുരക്ഷിതവും ചെലവ് കുറഞ്ഞതുമായ മാർഗ്ഗത്തിൽ ലഭ്യമാക്കുക, പച്ചക്കറി കൃഷിയിൽ നിന്നും ഉണ്ടാകുന്ന പാഴ്വസ്തുക്കൾ ബയോഗ്യാസും ജൈവവളവുമായി മാറ്റുന്നതിനുള്ള പ്രവർത്തി പരിചയം കുട്ടികൾക്ക് നൽകുക, വിദ്യാർത്ഥി സമൂഹത്തിന് വിഷവിമുക്തമായ പച്ചക്കറി ഉൽപ്പന്നം ലഭ്യമാക്കുക, പരിസര സംരക്ഷണ ത്തിന്റെ ബാലപാഠങ്ങൾ വിദ്യാർത്ഥികൾക്ക് ഹൃദ്യസ്ഥമാക്കുക, വിദ്യാർത്ഥികളുടെ ഒഴിവ് വേളകൾ ഫലപ്രദമായി വിനിയോഗിക്കുക എന്നീ ലക്ഷ്യങ്ങളോട്ടുകൂടിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

3825 സ്കൂളുകളിൽ 1 $m^3$ വലുപ്പത്തിലുള്ള പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിനായി 555 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 100% കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതി വിദ്യാഭ്യാസ വകുപ്പുമായി

| | | | |
|---|---|---|---|
| | | | സഹകരിച്ചാണ് കൃഷിവകുപ്പ് നടപ്പിലാക്കുന്നത്. കുട്ടികൾക്ക് സ്വാശ്രയത്വത്തിന്റെയും സ്വയം പര്യാപ്തതയുടെയും പരിസര ശുചീകരണത്തിന്റെയും സുരക്ഷിത ഭക്ഷണത്തിന്റെയും ഇന്ധന സംരക്ഷണത്തിന്റെയും അമൂല്യമായ പാഠങ്ങൾ പകർന്നു നൽകാൻ കൃഷി വകുപ്പിന്റെ ഈ പുതിയ സംരംഭത്തിന് കഴിയും എന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ഉദ്ദേശ ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (ബി) | മാലിന്യ സംസ്കരണത്തെ കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുക, വിദ്യാർത്ഥികളുടെ ഒഴിവ് വേളകൾ ഫലപ്രദമായി വിനിയോഗിക്കുക, കായിക മാനസിക വിഭവശേഷി വികസിപ്പിക്കുവാൻ പ്രേരിപ്പിക്കുക, ജൈവമാലിന്യങ്ങളുടെ കാര്യക്ഷമമായ സംസ്കരണം ഉറപ്പുവരുത്തുക, ഉച്ചഭക്ഷണം തയ്യാറാക്കാൻ ചെലവ് കുറഞ്ഞതും സുരക്ഷിതവുമായ ഇന്ധനം ലഭ്യമാക്കുക എന്നിങ്ങനെയുള്ള ബഹുമുഖ ലക്ഷ്യമാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. |
| (സി) | പ്രസ്തുത പദ്ധതിക്കായി സ്കൂളുകളെ തെരഞ്ഞെടുക്കുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കുമോ; | (സി) | നല്ല രീതിയിൽ നടത്താമെന്ന് ബോദ്ധ്യമുള്ള സ്കൂളുകളിൽ വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായി ജില്ലാതല വിദ്യാഭ്യാസ ഓഫീസർ തെരഞ്ഞെടുക്കുന്ന സ്കൂളുകളുടെ ലിസ്റ്റ് ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ വഴി കൃഷിവകുപ്പ് ഡയറക്ടർക്ക് നൽകുന്നതാണ്. |
| (ഡി) | പദ്ധതി നടപ്പാക്കുന്നതിനുള്ള ധനസമാഹരണം എപ്രകാരം നടത്താനാണ് ഉദ്ദേശിക്കുന്നത്? | (ഡി) | കേന്ദ്ര സർക്കാരിൽ നിന്നും 100% ധനസഹായത്തോടെ സൗജന്യമായിട്ടാണ് സ്കൂളുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നത്. |

സെക്ഷൻ ഓഫീസർ